ഉത്തരം

(എ) 30-6-2005-ലെ കൃഷിവകുപ്പിന്റെ ജി. ഒ. (ആർ. ടി.) 944/05 അഗ്രി/ഐ.എഫ്.എ.-യുടെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. *

(ബി, സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളും നിയമ വശവും പരിശോധിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിനാൽ ഉത്തരവ് റദ്ദാക്കണമെന്ന് സർക്കാർ കരുതുന്നില്ല.

കൂവ്വപ്പടി ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ ആരംഭിക്കുവാൻ നടപടി

119 [2108] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് കൃഷിഭവൻ ഇല്ലാത്ത എത്ര പഞ്ചായത്തുകളും, നഗരസഭകളും നിലവിലുണ്ട് എന്നും അവ ഏതെല്ലാമെന്നും, നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം വ്യക്തമാക്കാമോ;

(സി) കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിലും കൃഷിഭവൻ ഇല്ലാത്ത മറ്റു പഞ്ചായത്തുകളിലും ഇവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

(ബി) സംസ്ഥാനത്ത് കൃഷിഭവൻ ഇല്ലാത്ത 20 പഞ്ചായത്തുകളും ഉണ്ട്. വിശദവിവരം † അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇവയുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരവും കൃഷിഭവൻ ഇല്ലാത്ത നഗരസഭകളുടെ വിവരവും ശേഖരിച്ചുവരുന്നു.

(സി) കൂവ്വപ്പടി ഗ്രാമ പഞ്ചായത്ത് ഉൾപ്പെടെ കൃഷിഭവൻ ഇല്ലാത്ത 20 പഞ്ചായത്തുകളിൽ കൃഷിഭവൻ അനുവദിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു.

കൃഷിഭവനും മൃഗാശുപത്രിയും ഇല്ലാത്ത പഞ്ചായത്തുകൾ

120 [2109] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനും മൃഗാശുപത്രിയും ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly